CCM(21) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോഓർഡിനേഷൻ സമിതി

## 27.11.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ച തിരിഞ്ഞ് 12.30-ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.11.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവ് 768 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ 511 കോടി രൂപയും (98%) ബ്ലോക്ക് പഞ്ചായത്തുകൾ 101 കോടി രൂപയും ജില്ലാപഞ്ചായത്തുകൾ 98 കോടി രൂപയും മുനിസിപ്പാലിറ്റികൾ 71 കോടി രൂപയും കോർപ്പറേഷനുകൾ 47 കോടി രൂപയും ചെലവാക്കിയതായി കാണപ്പെട്ടു. പൊതുമരാമത്ത് പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർവഹണ ചെലവ് ഉയരുമെന്ന് നിരീക്ഷിക്കുകയുണ്ടായി.

**2.2** മുൻകാലങ്ങളിൽ ഐ.എ.വൈ. ഒഴികെയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച കേസുകളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. ആദ്യ ഇൻസ്റ്റാൾമെന്റുകൾ വാങ്ങിയശേഷം പണിപൂർത്തിയാകാതെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും കിടക്കുന്ന വീടുകളുടെ സ്ഥിതി ബന്ധപ്പെട്ട എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാൻ ഓരോ തദ്ദേശഭരണ സ്ഥാപനവും നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള ധനസഹായ നിരക്കിന് (unit assistance) ആനുപാതികമായി ഓരോ ഘട്ടങ്ങളിലെയും പൂർത്തീകരണത്തിന് അനുസൃതമായി അധിക ധനസഹായം നൽകേണ്ടതാണെന്ന് തീരുമാനിച്ചു. എന്നാൽ ഓരോ ഭവന നിർമ്മാണ പദ്ധതിയിലും എല്ലാ ഇൻസ്റ്റാൾമെന്റുകളും സ്വീകരിച്ചവർക്ക് ഇതിന് അർഹത ഉണ്ടായിരിക്കുകയില്ല. ഇപ്രകാരം അധിക ധനസഹായം നൽകുമ്പോൾ ഭവന നിർമ്മാണം പൂർത്തിയാകുന്നുവെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. തത്സംബന്ധമായ സ്ഥിതി വിവരക്കണക്കുകൾ സമർപ്പിക്കാൻ ഓരോ തദ്ദേശഭരണ സ്ഥാപനവും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**2.3** അങ്കണവാടി കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി, ഭൗതിക സാഹചര്യങ്ങളുടെ വിപുലീകരണം, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വർദ്ധിച്ച വാടക എന്നിവ അനുവദിക്കുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച നിർദ്ദേശം ചർച്ച ചെയ്ത് അംഗീകരിച്ചു. അതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം. 69427/ഡി.ഡി.2/13/തസ്വഭവ) തീയതി 27.11.2013

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിലെ കെട്ടിടങ്ങൾ വൈദ്യുതീകരിക്കുന്നതിന് എസ്റ്റിമേറ്റ്സ് എടുക്കുന്ന ചുമതല ഏൽപ്പിക്കുവാൻ റിട്ടയർ ചെയ്ത കെ.എസ്.ഇ.ബി എഞ്ചിനീയർമാരുടെ ഒരു പാനൽ തയ്യാറാക്കി അതിലെ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ ചുമതല നൽകാൻ അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. എന്നാൽ ഇപ്രകാരം സർവീസിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരെ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിലവിൽ സർക്കാർ ഉത്തരവുണ്ടെന്ന് ചൂണ്ടികാണിക്കപ്പെട്ടു.

ഇത് ഒരു പൊതു വിഷയമായതിനാൽ വിശദമായ ചർച്ചക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

ഓരോ ജില്ലയിലും പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയർമാരും കെ.എസ്.ഇ.ബി. എഞ്ചിനീയർമാരും ഉൾപ്പെട്ട ഒരു പാനൽ അതാതു ജില്ലാ കളക്ടർമാർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിലെ ഉദ്യോഗസ്ഥൻമാർ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകലും, ചെക്ക് മെഷർമെന്റ്, വാലുവേഷൻ എന്നിവയും നിർവഹിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 മങ്കട ഗ്രാമപഞ്ചായത്ത് (ഫയൽനം. 71635/ഡി.എ.2/13/തസ്വഭവ) തീയതി.27.11.2013

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ ഗുണഭോക്തൃസമിതികൾ വഴി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകണമെന്ന ആവശ്യത്തിന്മേൽ നിലവിലുള്ള മാർഗരേഖ അനുസരിച്ച് നിർവഹിക്കേണ്ട താണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം69893 /ഡി.ഡി2/2013/തസ്വഭവ) തീയതി.20.11 .2013

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പുലിയൂർ ഗ്രാമപഞ്ചായത്തിലെ 128-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം ഉപേക്ഷിക്കേണ്ടി വന്നത് സമിതി കൺവീനറുടെ ഉത്തരവാദിത്വത്തിൽ അല്ലാത്തതിനാലും ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമൊന്നു മുണ്ടായിട്ടില്ലെന്ന എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കാവുന്നതാണെന്ന ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ അഭ്യർത്ഥന

**(ഫയൽ നം. 29873/ഡി.എ1/13/തസ്വഭവ തീയതി.27.11.2013**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖയിൽ ഖാദി ബോർഡിന്റെ ഉൽപ്പാദന യൂണിറ്റുകളെയും 100% സബ്സിഡി മാനദണ്ഡത്തിൽ ഉൾപ്പെടുത്തണമെന്ന് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറിയുടെ ആവശ്യപ്പെട്ടത് 13.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് പരിഗണനാർഹമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കോളയാട് ഗ്രാമപഞ്ചായത്ത്**

**(ഫയൽ നം.70272/എഫ്.എം3/13/തസ്വഭവ)തീയതി.27.11.2013**

കോളയാട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ജലനിധി പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 3012000/- രൂപ റ്റി.എസ്.പി. ഫണ്ടിൽ നിന്ന് ചെലവാക്കാനുള്ള ആവശ്യം ചർച്ച ചെയ്തു. നിലവിലുള്ള മാർഗരേഖ അനുസരിച്ച് പട്ടികവർഗത്തിലെ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി റ്റി.എസ്.പി. ഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ബഹു.എം.എൽ.എ. ശ്രീ ഉബൈദുള്ളയുടെ കത്ത്**

**(ഫയൽ നം.69959/എഫ്.എം2/13/തസ്വഭവ)തീയതി.27.11.2013**

മലപ്പുറം കോട്ടപ്പടി സ്റ്റേഡിയത്തിന്റെ പുനർനിർമ്മാണത്തിന് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നതിന് സർക്കാർ നിർദ്ദേശം ഉണ്ടാകണമെന്ന ബഹു. ശ്രീ.പി.ഉബൈദുള്ള എം.എൽ.എയുടെ അഭ്യർത്ഥന യോഗം ചർച്ച ചെയ്തു. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉൾപ്പെടുന്ന സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 71454/ഡി.ഡി2/13/തസ്വഭവ)**

**(തീയതി.27.11.2013)**

മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിന് റോഡ് പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച 45 ലക്ഷം രൂപയിൽ അംഗീകരിക്കപ്പെട്ട പ്രവൃത്തികൾ ചെയ്ത ശേഷമുള്ള തുക ഉപയോഗിച്ച് പുതിയ ഒരു പുനരുദ്ധാരണ പ്രവൃത്തി ചെയ്യാൻ അനുവദിക്കണമെന്ന 29.07.2013-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയോഗത്തിന്റെ ആവശ്യം വകുപ്പുതലത്തിൽ പരിശോധന നടത്തി തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 65375/ഡി.ഡി2/13/തസ്വഭവ) (തീയതി.27.11.2013)**

വനിതാ വ്യവസായ കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തുക നിയമപ്രകാരം ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ബാങ്ക് പലിശയുൾപ്പെടെയുള്ള തുക ഈടാക്കി റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കാനും അല്ലെങ്കിൽ 18% പലിശ സഹിതം തുക ഈടാക്കാനും അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഏറാമല ഗ്രാമപഞ്ചായത്ത് തീയതി.27.11.2013**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് 40 ലക്ഷം രൂപ ചെലവിൽ തയ്യൽ മെഷീൻ വിതരണം ചെയ്യുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരുന്നതു ചർച്ച ചെയ്ത്, ലാപ്ടോപ്പ്, സ്റ്റഡീ റൂം, വിദേശ ജോലി സംരംഭങ്ങൾ തുടങ്ങി നിലവിലെ മാർഗരേഖ പ്രകാരം അനുവദനീയമായ മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതാണ് ഉചിതമെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മയ്യിൽ ഗ്രാമപഞ്ചായത്ത് തീയതി.27.11.2013**

പൊതു വിഷയങ്ങൾ ഇനം 2.2 ബാധകമാക്കി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് തീയതി 27.11.2013**

തൊഴിലാളികൾക്ക് മത്സ്യബന്ധന വല തുടങ്ങിയ ഉപകരണങ്ങൾ നൽകുന്ന പദ്ധതികൾ 2012-13-ൽ നടപ്പാക്കിയതിന്മേൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ 2013-14-ൽ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ഫയൽ നം. 34785/ഡി.എ1/13/തസ്വഭവ)**

**തീയതി 27.11.2013**

ഔഷധി വഴി വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ വിതരണ കാലാവധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്ത് 19.06.2013 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.3 തീരുമാനം പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഫറോക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 7205/എഫ്.എം.3/13/തസ്വഭവ)**

**തീയതി 27.11.2013**

ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം സംബന്ധിച്ച് വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിനോടാവശ്യപ്പെടാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പുലാമന്തോൾ ഗ്രാമപഞ്ചായത്ത് (ഫയൽ നം.65568/ഡി.എ2/13/തസ്വഭവ)**

**തീയതി.27.11.2013**

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തനത് ഫണ്ടിൽ നിന്നും പ്രീമിയം തുക അടയ്ക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വാഴക്കാട് ഗ്രാമപഞ്ചായത്ത് തീയതി.27.11.2013**

2012-13-ലെ പദ്ധതി - വിവിധ ക്ഷേമ പ്രവൃത്തികളുടെ തുക വി.ഇ.ഒ. തിരിമറി നടത്തിയതുമൂലം ഗുണഭോക്താക്കൾക്ക് പണം നൽകാൻ കഴിയാത്തതിൽ നിലവിലുള്ള പ്രോജക്ടുകൾ ഭേദഗതി ചെയ്തോ തനതു ഫണ്ട് ഉപയോഗിച്ചോ പണം കണ്ടെത്താൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 സമൂഹ്യനീതി വകുപ്പ് തീയതി.27.11.2013**

പൊതു വിഷയം ഇനം 2.3 പ്രകാരമുള്ള തീരുമാനം ബാധകമാണ് എന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ആലപ്പാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 70573/ഡി.എ1/13/തസ്വഭവ)**
**തീയതി.27.11.2013**

പട്ടികജാതിക്കാർക്ക് ഒന്നിലധികം ആനുകൂല്യങ്ങൾ നൽകുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്മേൽ അർഹമാണെങ്കിൽ ഒന്നിലധികം ആനുകൂല്യങ്ങൾ മാർഗരേഖ പ്രകാരം നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മാജിക്കൽ സയൻസ് അക്കാഡമിയുടെ അപേക്ഷ തീയതി.27.11.2013**

തിരുവനന്തപുരത്തെ മാജിക്കൽ സയൻസ് അക്കാദമി നടത്തി വരുന്ന മാജിക ഫോർ ദ നേഷൻ എന്ന ഇന്ദ്രജാല പരിപാടിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകാവുന്നതാണെന്നന് നിരീക്ഷിച്ചു. കോർപ്പറേഷനും സംഭാവന നൽകാവുന്നതാണെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കോഴിക്കോട് ജില്ലാ പഞ്ചായത്ത് തീയതി.27.11.2013**

പൊതുവിഷയങ്ങൾ ഇനം. 2.2 ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കോഴിക്കോട് ജില്ലാ പഞ്ചായത്ത് തീയതി.27.11.2013**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന നിർദ്ധനരായ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് തീയതി.27.11.2013**

20131- 4 പദ്ധതി - വെള്ളക്കരക്കുടിശ്ശിക - റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ആവശ്യത്തിന്മേൽ നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഏറത്ത് ഗ്രാമപഞ്ചായത്ത് തീയതി.27.11.2013**

വസ്തു നികുതി പരിഷ്ക്കരണം - കുറവ് ചെയ്ത് പുനർ വിജ്ഞാപനം നടത്തണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധന നടത്തി തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 പരവൂർ നഗരസഭ തീയതി.27.11.2013**

പരവൂർ നഗരസഭ എസ്.സി വിഭാഗം 25 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനായി 51 ലക്ഷം രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുക ഉപയോഗിച്ച് അർഹരായവർക്ക് ധനസഹായം നൽകാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 04.12.2012.ന് രാവിലെ 8 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതിന് തീരുമാനിച്ചു.***

**(യോഗം 1.45 ന് അവസാനിച്ചു)**